**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2100 — 13.06.2019 ൽ മറുപടിക്ക്

# മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഏതെല്ലാം തസ്തികയിൽ ജീവനക്കാരുടെ ഒഴിവ് നിലവിലുണ്ടെന്നും ഓരോ ഒഴിവും നിലവിൽ വന്ന തീയതി എന്നാണെന്നും അറിയിക്കുമോ ;

(എ) മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ ഒഴിവുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | ഒഴിവുകളുടെ എണ്ണം | നിലവിൽ വന്ന തീയതി |
|---|---|---|---|
| 1 | പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 | 31.12.2018 |
| 2 | പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 04.02.2016 |
| 3 | ഹെൽത്ത് ഇൻസ്പെക്ടർ | 1 | 31.05.2019 |
| 4 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 | 1 | 19.01.2019 |
| 5 | ഫാർമസിസ്റ്റ് ഗ്രേഡ്-1 | 1 | 16.02.2017 |
| 6 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് - 2 | 1 | 07.07.2018 |
| 7 | സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 | 1 | 06.02.2019 |
| 8 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1 | 1 | 10.12.2018 |

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

(ബി) ഉണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ

1. പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ. പബ്ലിക് ഹെൽത്ത് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവ പ്രമോഷൻ തസ്തികകളായതിനാൽ സ്ഥാനക്കയറ്റ നടപടികൾ പുരോഗമിച്ചു വരുന്നു.
2. തൃശ്ശൂർ ജില്ലയിൽ 1:1 റേഷ്യോ നിലനിർത്തുന്നതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ

| | | | |
|---|---|---|---|
| | | | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1ന് പകരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 നെ 2019 ജൂണിൽ നിയമിച്ചിട്ടുണ്ട്.<br>3. ഫാർമസിസ്റ്റിന്റെ ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് Scheduled tribe ന്റെ Special recruitment ന് വേണ്ടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>4. ലാബ് ടെക്നീഷ്യന്റെ ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>5. സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 ലുള്ള ഒഴിവ് സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 ൽ നിന്നും സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>6. ആശുപത്രി അറ്റന്റന്റ് ഗ്രേഡ്-1 ന്റെ ഒഴിവ് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ